എയ്ഡഡ് സ്ക്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ചട്ടങ്ങൾ

132 [3312] ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ചട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ട്രാൻസ്ഫർ ആയി വന്ന അദ്ധ്യാപകർക്ക് പഴയ മാനേജ്മെന്റ് കീഴിലുള്ള സേവനകാലം 7 വർഷത്തിൽ കൂടുതൽ ഉണ്ടെങ്കിൽ അത് പ്രൊട്ടക്ഷന് എലിജിബിൾ പീരിയ്ഡ് ആയി പരിഗണിക്കുമോ;

(സി) ഇല്ലെങ്കിൽ തികച്ചും ന്യായമായ ഈ കാര്യത്തിൽ ആവശ്യമായ ഉത്തരവ് ഉണ്ടാകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എയ്ഡഡ് സ്കൂളുകളിൽ ഇന്റർ-മാനേജ്മെന്റ് ട്രാൻസ്ഫറിനാധാരമായ ഗവൺമെന്റ് ഉത്തരവുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (കെ. ഇ. ആർ.) അദ്ധ്യായം പതിനാല് (എ) ചട്ടം 11 (1).

(ബി) നിലവിലുള്ള ഉത്തരവ് പ്രകാരം 14-7-1996-ൽ സർവ്വീസിൽ ഉള്ളവരും 1996-1997 കാലയളവിൽ റഗുലർ വേക്കൻസിയിൽ 14-7-1997-വരെ നിയമനം ലഭിച്ചിട്ടുള്ളവരുമായ എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരും പ്രൊട്ടക്ഷന് അർഹരാണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 'എ'-യുടെ ഉത്തരം കാണുക.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിലവസരങ്ങളും

133 [3314] ശ്രീ. കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ:

„ എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ മേഖലയിൽ അനുവദിച്ച മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ നൽകിയ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ എത്ര പേർക്ക് നേരിട്ട് തൊഴിലവസരങ്ങൾ നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവമൂലം നിർമ്മാണ മേഖലയിൽ എത്ര തൊഴിൽ അവസരങ്ങൾ നൽകാൻ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ആവശ്യമായ മേഖലയിൽ ഇനിയും കൂടുതൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വാശ്രയ മേഖലയിൽ അനുവദിച്ച എഞ്ചിനീയറിംഗ് കോളേജുകൾ എം.ബി.എ. സ്ഥാപനങ്ങൾ, എം.സി.എ. സ്ഥാപനങ്ങൾ, മെഡിക്കൽ കോളേജുകൾ, ഡെന്റൽ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി കോളേജുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ആയുർവേദ കോളേജുകൾ, ലാ കോളേജ്, ടി. ടി. ഐ.-കൾ, ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകൾ, ഹോട്ടൽ മാനേജമെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന വിശദാംശം അനുബന്ധം ആയി ചേർക്കുന്നു †. അവശേഷിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) ആവശ്യമെന്ന് കണ്ടാൽ പരിഗണിക്കുന്നതാണ്.

സ്വാശ്രയ സ്കൂളുകൾക്ക് പിരിക്കാവുന്ന പരമാവധി ഫീസ്

134 [3315] ശ്രീ. പി. ജെ. പൗലോസ്:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എ. സുജനപാൽ:
,, എം. എ. ചന്ദ്രശേഖരൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ സ്കൂളുകൾക്ക് പിരിക്കാവുന്ന പരമാവധി ഫീസ് ഗവൺമെന്റ് നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) അതിൽ കൂടുതൽ ഫീസ് വാങ്ങുന്ന സ്കൂൾ അധികൃതരുടെമേൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) സ്വകാര്യ പ്രീ പ്രൈമറി സ്കൂളുകളിലെ ഫീസ് നിർണ്ണയിച്ചിട്ടുണ്ടോ; എങ്കിൽ അതെത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രേഖാമൂലം പരാതി ലഭിച്ചിട്ടില്ല. പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചു വരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly